## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6420 — 08.07.2014-ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി ടിക്കറ്റുകൾ സർക്കാർ പ്രസ്സിൽ പ്രിന്റുചെയ്യുവാൻ നടപടി

ചോദ്യം

ശ്രീ. എ. എം. ആരിഫ് :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടിസി ബസ്സുകളിൽ മെഷീൻ ടിക്കറ്റുകൾ പ്രാബല്യത്തിലുണ്ടായിട്ടും ചിലയിടങ്ങളിൽ പേപ്പർ ടിക്കറ്റുകൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ഡിപ്പോകളിലും ഇലക്ട്രോണിക്ക് ടിക്കറ്റിംഗ് മെഷീൻ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ മെഷീനുകൾക്ക് തകരാറു സംഭവിക്കുകയാണെങ്കിൽ പകരം ഉപയോഗിക്കുന്നതിനായി pre-priced paper ticket അടങ്ങിയ മാന്വൽ ടിക്കറ്റ് റാക്ക് കൂടി കണ്ടക്ടർക്ക് നൽകി വരുന്നു. |
| (ബി) | സർക്കാർ ബസ്സുകളുടെ ടിക്കറ്റുകൾ തമിഴ്നാട്ടിലെ പ്രസ്സുകളിലാണ് പ്രിന്റുചെയ്യുന്നതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി തുറന്ന ദർഘാസ്സുകൾ ക്ഷണിച്ചാണ് കാലകാലങ്ങളിലായി pre-priced paper ticketകൾ പ്രിന്റു ചെയ്തു വാങ്ങിക്കുന്നത്. ദർഘാസിൽ പങ്കെടുത്ത് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന സ്ഥാപനത്തിന് ഓർഡർ നൽകുകയാണ് ചെയ്തു വരുന്നത്. 1996-ൽ വിക്ടറി പ്രസ്സ് കുന്നംകുളം; ദേവി പ്രസ്സ്, കൊല്ലം; ശ്രീ. ലക്ഷ്മി വിലാസം പ്രസ്സ്, സാത്തൂർ, തമിഴ്നാട് എന്നീ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സിയ്ക്ക് ടിക്കറ്റുകൾ പ്രിന്റ് ചെയ്തു നൽകിയിരുന്നു. തുടർന്ന് നാളിതുവരെയുള്ള ദർഘാസുകളിൽ പങ്കെടുത്ത് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. ലക്ഷ്മി വിലാസം പ്രസ്സ്, സാത്തൂർ, തമിഴ്നാട് എന്ന സ്ഥാപനമാണ് ടിക്കറ്റ് പ്രിന്റു ചെയ്തു നൽകി വരുന്നത്. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി ബസ്സുകളുടെ ടിക്കറ്റുകളും അനുബന്ധരേഖകളും സർക്കാർ പ്രസ്സുകളിൽ പ്രിന്റു ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി ബസ്സുകളുടെ ടിക്കറ്റുകളും അനുബന്ധ രേഖകളും തുറന്ന ദർഘാസ് ക്ഷണിച്ചാണ് പ്രിന്റു ചെയ്തു വാങ്ങുന്നത്. വിദ്യാർത്ഥികളുടെ കൺസഷൻ ടിക്കറ്റ്, മാനുവൽ, ഹാന്റ് ബുക്കുകൾ, അക്കൗണ്ട്സ് & ആഡിറ്റ് റിപ്പോർട്ടുകൾ എന്നിവ കേരള സർക്കാരിന്റെ പൊതു മേഖലാ സ്ഥാപനങ്ങളായ കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി-ആപ്ട്) എന്നിവിടങ്ങളിൽ നിന്നുമാണ് പ്രിന്റു ചെയ്തു വാങ്ങുന്നത്. |

സെക്ഷൻ ഓഫീസർ